(ഇ) നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 42 പുതിയ ഓഫീസുകൾ നിർമ്മിക്കുന്നതിന് ബോർഡ് അനുമതി നൽകിയിട്ടുണ്ട്. ഓഫീസുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.* ഇതിൽ 11 ഓഫീസുകളുടെ പണി പൂർത്തിയായിട്ടുണ്ട്.

വൈദ്യുതിബോർഡ് കമ്പനിയാക്കൽ

122(2375) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്പനിവൽക്കരണത്തിന്റെ ഭാഗമായി വൈദ്യുതി ബോർഡിന്റെ ആസ്തി-ബാധ്യതകൾ നിർണ്ണയിച്ചപ്പോൾ തന്ത്രപ്രധാനമായ വിതരണമേഖലയിലെ വസ്തുക്കളെ ഒഴിവാക്കിയാണ് ഇത് നിർണ്ണയിച്ചതെന്ന വാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) 2008 സെപ്റ്റംബർ 25-നു പുറത്തിറക്കിയ ആദ്യകൈമാറ്റ പദ്ധതിയിൽ ബോർഡിന്റെ ആസ്തികൾക്ക് 7524.05 കോടി രൂപ വില നിശ്ചയിച്ചിരുന്നോ എന്നറിയിക്കുമോ ;

(സി) എന്നാൽ രണ്ടു വർഷം കഴിഞ്ഞപ്പോൾ ആസ്തിയിൽ 1028.04 കോടി രൂപയുടെ കുറവ് രേഖപ്പെടുത്തുകയുണ്ടായോ ;

(ഡി) എങ്കിൽ ഈ കാലയളവിൽ ഭൂമി അടക്കമുള്ള സ്വത്തുക്കളുടെ വില ഇരട്ടിയിലേറെ വർദ്ധിച്ചിട്ടും ഈ കുറവ് വരാനുണ്ടായ കാരണമെന്ത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ബോർഡിന്റെ കൈവശം ഇപ്പോൾ ഉള്ള ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകൾ പൂർണ്ണമായും ലഭ്യമല്ലാത്ത സാഹചര്യം ഇപ്പോൾ ഉണ്ടോ ;

(എഫ്) എങ്കിൽ അവ ലഭ്യമാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കും ; ഇവ കൂടി വന്നുചേരുമ്പോൾ ബോർഡിന്റെ ആസ്തിയിൽ നിലവിലുള്ളതിനേക്കാൾ ഗണ്യമായ വർദ്ധനവുണ്ടാകില്ലേ എന്ന് വ്യക്തമാക്കുമോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) മറിച്ച് ഇവ ലഭ്യമാകാതെ കൈമാറിയാൽ കോടിക്കണക്കിന് രൂപ വിലവരുന്ന ഭൂമി അന്യാധീനപ്പെടാൻ ഇടയാകില്ലേ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ:

(എച്ച്) തന്ത്രപ്രധാനമായ വിതരണശൃംഖല സഹകരണമേഖലയ്ക്ക് കീഴിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 25-9-2008-ലെ G.O (MS) No.37/2008/PD നമ്പർ പ്രകാരമുള്ള സർക്കാർ ഉത്തരവിലൂടെ സംസ്ഥാന വൈദ്യുതി ബോർഡിന്റെ ആസ്തി ബാദ്ധ്യതകൾ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കി 31-3-2008-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ബുക്ക് വാല്യൂപ്രകാരമുള്ള ബോർഡിന്റെ എല്ലാ ആസ്തി ബാദ്ധ്യതകളും ഇപ്രകാരം സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. വിതരണ മേഖലയിലെ വസ്തുക്കളെ ഒഴിവാക്കിയിട്ടില്ല. 25-9-2008-ലെ കൈമാറ്റ പദ്ധതിയുടെ ഷെഡ്യൂൾ Part-1-ൽ ക്ളാസ് III-ൽ പ്രതിപാദിപ്പിക്കുന്ന പ്രകാരം വിതരണമേഖലയിലെ എല്ലാ ആസ്തി ബാദ്ധ്യതകളും സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടുണ്ട്. ഈ ആസ്തി ബാദ്ധ്യതകളുടെ മൂല്യം കൂടി 25-9-2008-ലെ സർക്കാർ ഉത്തരവിന്റെ ഷെഡ്യൂൾ പാർട്ട് II-ൽ ചേർത്തിരിക്കുന്ന ബാലൻസ് ഷീറ്റിൽ ഉൾക്കൊള്ളുന്നു.*

(ബി) 25-9-2008-ലെ ആദ്യ കൈമാറ്റ പദ്ധതിയിൽ ബോർഡിന്റെ ആസ്തി (ഫിക്സഡ് അസറ്റ്സ്)-കൾക്ക് 31-3-2008 വരെയുള്ള തേയ്മാന ചെലവ് (ഡിപ്രിസിയേഷൻ) കിഴിച്ച് അറ്റമൂല്യം 5,195.1992 കോടി രൂപയാണ് ഇത് 31-3-2008 വരെയുള്ള ബോർഡിലെ ഫിക്സഡ് അസറ്റ്സിന്റെ ബുക്ക്വാല്യൂ ആണ്. അല്ലാതെ പ്രത്യേകമായി നിശ്ചയിക്കപ്പെട്ട വിലയല്ല.

(സി) 2009-10-ലെ ആഡിറ്റ് നടന്നുകൊണ്ടിരിക്കുന്ന വാർഷിക കണക്കിന്റെ ബാലൻസ് ഷീറ്റും 2008-09-ലെ ആഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ച വാർഷിക കണക്കിന്റെ ബാലൻസ് ഷീറ്റും ഇതോടൊപ്പം നൽകുന്നു.

(ഡി) കമ്പോള നിലവാരമനുസരിച്ച് ബോർഡിന്റെ ഭൂമിയുടെ വില പുനർനിർണ്ണയം ചെയ്യപ്പെടാറില്ല. ഇപ്പോഴും ബുക്ക് വാല്യൂവിലാണ് കണക്കിൽ വിലകാണിച്ചിട്ടുള്ളത്.

(ഇ-എച്ച്) ബോർഡിന്റെ കൈവശം ഇപ്പോൾ ഉള്ള ഭൂമിയുമായി ബന്ധപ്പെട്ട എല്ലാരേഖകളും പൂർണ്ണമായി ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങളുടെ ഭാഗമായി സ്ഥാവര ആസ്തികളുടെ വിശദാംശങ്ങൾ നിയമാനുസൃതം പൂർത്തിയാക്കുവാനുള്ള ദൗത്യം പി.എഫ്.സി. കൺസൾട്ടിംഗ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട്. അപ്രകാരം ലഭിക്കുന്ന വിവരങ്ങളെ ആസ്പദമാക്കി ബോർഡിന്റെ ആസ്തികൾ കൃത്യമായി രേഖപ്പെടുത്തുന്നതിനും വിലകൾ തിട്ടപ്പെടുത്തുന്നതിനും ബോർഡിന്റെ ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ അന്യാധീനപ്പെടാൻ ഇടയാകാത്ത വിധത്തിലുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനും നടപടികൾ എടുത്തുവരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly